വീക്ഷണം

# ആരാണു വരുന്നത് ? (നാട്ടിൽ നിന്നും)

**സുധീർ പണിക്കവീട്ടിൽ**

നിങ്ങൾ ഒരു കാര്യം നേടിയെടുക്കാൻ ആത്മാർത്ഥമായി ആഗ്രഹിച്ചാൽ ആ ലക്ഷത്തിലെത്താൻ നിങ്ങൾക്കൊപ്പം ഈ പ്രപഞ്ചം മുഴുവൻ ഉണ്ടാകും. വിശ്വ പ്രശസ്തനായ ഒരു എഴുത്തുകാരൻെറ 81 ഭാഷകളിലേക്ക് തർജമ്മ ചെയ്ത ഒരു പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന വരികളുടെ എകദേശ പരിഭാഷയാണിത്. മലയാളികളുടെ കാര്യം വരുമ്പോൾ ഈ വരികളെ ഇങ്ങനെ മാറ്റാം. ഏതെങ്കിലും ഒരു മലയാളി ഒരു കാര്യം നേടിയെടുക്കാൻ ആത്മാർത്ഥമായി ആഗ്രഹിച്ചാൽ അവനെ ആ ലക്ഷ്യത്തിലെത്തിക്കാതിരിക്കാൻ മുഴുവൻ മലയാളികളും ശ്രമിക്കും.(മുഴുവൻ എന്നുകൊണ്ടുദേശിക്കുന്നത് അവനുമായി ബന്ധപ്പെട്ട അവനെ അറിയുന്ന എന്നർത്ഥത്തിൽ) മൂടിയില്ലാതെ കയറ്റി അയക്കപ്പെടുന്ന ഞണ്ടുകളുടെ കഥ പ്രസിദ്ധമാണല്ലോ? എനിക്ക് സാധിക്കാത്തത് നിനക്കും സാധിക്കരുതെന്നു പാവം ഞണ്ടുകൾ ചിന്തിക്കുന്ന പോലെ മലയാളിക്ക് എങ്ങനെ ഞണ്ടിൻെറ മനസ്ഥിതിയുണ്ടായി (crab mentality) എന്നുള്ളത് അതിശയകരം തന്നെ.

എന്നാൽ ഇവിടെ അമേരിക്കൻ മലയാളികൾ തമ്മിൽ തമ്മിൽ ഞണ്ടു മനസ്ഥിതി കൊണ്ടു നടക്കുന്നെങ്കിലും നാട്ടിലെ മലയാളികളോടുള്ള അവരുടെ മനോഭാവം വ്യത്യസ്തമാണ്. നാട്ടിലുള്ളവർക്ക് ചികിത്സക്ക് സഹായം നൽകുക, അവർക്ക് വീടു വച്ച് കൊടുക്കുക, നിർദ്ധനരായ വിദ്യാർത്ഥികൾക്ക് പഠിക്കാൻ പണം നൽകുക, അങ്ങനെ അമേരിക്കൻ മലയാളിയുടെ സഹായഹസ്തത്തിൻെറ നീളം അളവറ്റതാണ്. അവരുടെ കരുണാസാഗരത്തിലെ ചിന്താതിരമാലകൾ അടങ്ങുന്നില്ല. പടവും പേരും പത്രങ്ങളിൽ വരാനാണു അങ്ങനെ ചെയ്യുന്നതെന്നു കുബുദ്ധികൾ പറയുന്നത് ഗൗനിക്കേണ്ട കാര്യമില്ല. എന്തിനായാലും കുറച്ച്പേർക്ക് പ്രയോജനമുണ്ടാകുന്നു എന്ന കാര്യം വിസ്മരിക്കരുത്. എന്നാൽ കുടിയാന്മാരെകൊണ്ട് പണിയെടുപ്പിച്ച് താമ്പൂലവും ചവച്ച് കാലിന്മേൽകാൽ കയറ്റി വച്ച് ജീവിച്ച ജന്മികളെപോലെ ബംഗാളികളേയും, ഒറിയക്കാരേയും കൊണ്ടു പണിചെയ്യിച്ച് ഒരു പണിയും ചെയ്യതെ കഴിയുന്ന ഒരു സമൂഹത്തിനു സഹായഹസ്തവുമായി നിൽക്കുന്ന അമേരിക്കൻ മലയാളി ഒരു പരിതാപകരമായ കാഴ്ച്ചയാണ്. സ്വന്തം നാടിനോടും, വീടിനോടും കരുതൽ കാണിക്കുന്ന മനോഭാവം അനുമോദനാർഹമെങ്കിലും "തന്നില്ലം പൊരിഞ്ഞു ഊട്ടു കഴിച്ചാൽ ഊട്ടുപുര കത്തുമെന്നവർ അറിയാത്തത് ദാന-ധർമ്മങ്ങൾ നൽകുന്ന അൽപ്പായുസ്സായ കീർത്തിയിൽ ആക്രുഷ്ടനാകുന്നതകൊണ്ടായിരിക്കാം. ഇവിടെയും സഹായം ആവശ്യമുള്ള മലയാളികൾ ഉണ്ട്. സഹായം പണം മാത്രമാകണമെന്നില്ല. ഒരു മലയാളീ സീനിയർ സിറ്റിസൺ സമൂഹം ഇവിടെ വളരുന്നു. വൈകി കുടിയേറിയത്കൊണ്ട് ജരാ-നര വന്നവരുടെ ഒന്നാം തലമുറയായിരിക്കും ഇതു. അതുകൊണ്ട് അവർക്ക് അഭിമുഖീകരിക്കേണ്ട പ്രശ്നങ്ങൾ വലുതായിരിക്കും. ഇതൊന്നും കാണാതെ നാട്ടിലെ ജനങ്ങളുടെ പ്രയാസങ്ങൾ മാത്രം കണ്ടു നെഞ്ചത്തടിച്ച്

വിങ്ങിപ്പൊട്ടി വിമാനം കയറിപ്പോയി അവരെ സഹായിക്കുമ്പോൾ ഓർക്കുക നിങ്ങൾ കൂടി ചേരുന്ന ഒരു സമൂഹം ഇവിടെയുണ്ടു. അവർക്കും ആവശ്യങ്ങളും പ്രശ്നങ്ങളും ഉണ്ടു.

പണ്ടുണ്ടായ ഒരു പ്രവാസക്ഷേമ മന്ത്രാലയം പ്രവാസിക്ക് പാരയായത് എല്ലാവർക്കും അറിയാം.അമേരിക്കൻ മലയാളികൾ ഓരോ സംഘടനയും രൂപീകരിച്ച് നാട്ടിലെ രാഷ്ട്രീയകാരെ കാണാൻ പോകുമ്പോൾ തീർച്ചയാക്കുക മൊത്തം മലയാളികൾക്ക് ഒരു പാര ഉടനെ വരും. ത്രീപീസ് സൂട്ട് ധരിച്ച് കയ്യിലും കഴുത്തിലും തിളങ്ങുന്ന സ്വർണ്ണമാലയുമായി മുന്നിൽ നിൽക്കുന്ന വിദേശ മലയാളിയോട് രാഷ്ട്രീയകാരനു സ്നേഹമല്ല. എങ്ങനെ ഇവനെ പിഴിയാമെന്നാണു. അങ്ങനെ തല പുകയുമ്പോൾ പ്രവാസി തന്നെ പറയുന്നു. ***എൻെറ സാറെ ഞങ്ങളൊക്കെ അമേരിക്കൻ പൗരത്വം എടുത്തിട്ടു എത്ര കാലമായി. ഇന്ത്യൻ പാസ്പോർട്ട് എവിടെയാണെന്നുപോലുമറിയില്ല***. രാഷ്ട്രീയക്കാരൻെറ കുബുദ്ധി തെളിയുന്നു. ജനങ്ങളെ കഷ്ടപ്പെടുത്താൻ നിയമങ്ങൾക്കാണോ ഇന്ത്യയിൽ പഞ്ഞം. ഒരു സുപ്രഭാതത്തിൽ അമേരിക്കൻ പൗരത്വം എടുത്ത മലയാളി അറിയുന്നു അവൻെറ ഇന്ത്യൻ പാസ്സ്പ്പോർട്ട് റദ്ദ് ചെയ്തിട്ടില്ലെങ്കിൽ അതു ചെയ്യണം, അതിനു 250 ഡോളർ പിഴയുമടക്കണം. ഒരു പാവം അച്ചായൻെറ വിടുവായത്വം വരുത്തിയ വിന.

അതെപോലെ ഇപ്പോൾ അമേരിക്കൻ മലയാളികളിൽ ഇവിടത്തെ പൗരത്വം സ്വീകരിക്കാത്തവർ നാട്ടിൽ പോയി അവിടത്തെ രാഷ്ട്രീയത്തിൽ പങ്കു കൊള്ളാൻ ശ്രമിക്കുന്നതായി നമ്മൾ വാർത്തകൾ വായിക്കുന്നു. ഏതൊ ഒരു വലിയ അപകടം അമേരിക്കൻ പൗരത്വമുള്ള മലയാളികൾക്ക് വരാൻ പോകുന്നു എന്നതിൻെറ സൂചനയായി പൂർവ്വകാല അനുഭവങ്ങൾ വച്ച് നോക്കുമ്പോൾ അതിനെ കണക്കാക്കാം. പ്രവാസിയെ കബളിപ്പിച്ചും നിയമങ്ങളുടെ പൊരുൾ കാട്ടിയും പണം ചൂഷണം ചെയ്യാനുള്ള ദേശിനേതാക്കന്മാരെ തിരിച്ചറിഞ്ഞില്ലെങ്കിൽ ഊരാക്കുടുക്കുകളിൽ വീണു പോകും. അമേരിക്കൻ മലയാളികൾ അമേരിക്കൻ പൗരത്വം സ്വീകരിച്ചാൽ അതിൽ ഉറച്ച് നിൽക്കണം. രണ്ടു വഞ്ചിയിലും കാലിടുന്നവൻെറ ഗതി എന്താണെന്നു എല്ലാവർക്കുമറിയാം .അതറിയുന്ന സർക്കാർ ആധാർകാർഡ്, പാൻകാർഡ് മുതലായ ചീട്ടുകൾ ഇറക്കി പ്രവാസിയെ ഞെട്ടിപ്പിക്കുന്നു. തുരുപ്പ് ചീട്ടു എപ്പോഴും ദേശീയ നേതാക്കന്മാരുടെ കയ്യിലാണ്, പ്രവാസികൾ അവർക്കു വെറും ഏഴാംകൂലികൾ.

അതേപോലെ തന്നെയാണു ഇവിടെയുള്ളവരെ അംഗീകരിക്കാതെ നാട്ടിൽ നിന്നും പ്രശസ്തരെ കൊണ്ടു വരുന്ന പ്രവണത. അറുപതുകളുടെ പകുതി മുതൽ കുടിയേറ്റം ആരംഭിച്ച മലയാളി ഇവിടെ ഒരു കൊച്ചുകേരളം സ്രുഷ്ടിച്ചിട്ടുണ്ടു.!! കല- സാഹിത്യം- വ്യവസായം- വിദ്യാഭ്യാസം-ഉദ്യോഗം ഇവയിലെല്ലാം ഒരു വിധത്തിൽ സ്വയംപര്യാപ്തത നേടിയിട്ടും ഇവിടെയുള്ള മലയാളികളെ അംഗീകരിക്കാനും ആദരിക്കാനും മനസ്സില്ലാതെ നമ്മുടെ ആഘോഷങ്ങളിൽ അല്ലെങ്കിൽ പൊതുയോഗങ്ങളിൽ പങ്കുകൊള്ളാൻ അഥവാ അതിനെ മഹത്തരമാക്കാൻ കേരളത്തിൽ നിന്നും വ്യത്യസ്ത മേഖലകളിൽ അറിയപ്പെടുന്ന (ചിലപ്പോൾ ഒരു ചെറിയ സൗഹ്രുദവലയത്തിൽ ഒതുങ്ങുന്ന) വ്യക്തികളെ കൊണ്ടു വരിക എന്ന ചിന്തക്കടിമകളാണു ഭൂരിപക്ഷം പേരും. നാട്ടിൽ നിന്നും ഒരു മന്ത്രിയേയോ, ഒരു സിനിമ താരത്തെയോ അല്ലെങ്കിൽ ഏതെങ്കിലും വിശിഷ്ട വ്യക്തിയേയോ കൊണ്ടു വരുന്നത് സമ്മേളനത്തിൽ ആളെക്കൂട്ടാനാണു എന്ന ന്യായം ആരും ചോദ്യം ചെയ്യുന്നില്ല. അതേസമയം

“ആരാണു നാട്ടിൽ നിന്നും” വരുന്നത് എന്നു എല്ലാവരും ചോദിക്കയും ചെയ്യുന്നു. വരുന്ന വ്യക്തിയുടെ പ്രഭാവമനുസരിച്ച് സമ്മേളന ഹാൾ നിറയുന്നു. ഇതു ഒരു ദുരവസ്ഥയാണു. കാരണം ഈ വിരുന്നുകാരുടെ സന്ദർശനം കൊണ്ട് പ്രവാസി മലയാളികൾക്ക് ഒരു ഗുണവുമില്ല. വരുന്നവരുടെ പ്രസംഗമോ, അല്ലെങ്കിൽ സിനിമാതാരങ്ങളുടെ മുഖശ്രീയോ, വനിതാ താരമാണെങ്കിൽ അവരുടെ മണമോ, ആർക്കെങ്കിലും ആഹ്ലാദം പകർന്നിരിക്കമെന്നല്ലാതെ. ശാസ്ത്രം പറയുന്നത് ഘ്രാണത്തിലൂടെ പുരുഷനും സ്ത്രീയും അവരെപ്പറ്റിയുള്ള വിവരങ്ങൾ മനസ്സിലാക്കുന്നുവെന്നാണു. ഇണയെ ആകർഷിക്കാൻ പ്രക്രുതി അവരിൽ നിന്നും വരുത്തുന്ന ഈർപ്പഗന്ധം വായുവിൽ സഞ്ചരിക്കുമ്പോൾ അതു അവരുടെ നാസികകൾ പിടിച്ചെടുക്കുന്നു. ഇതു മൂക്കിനകത്തു സ്ഥിതിചെയ്യുന്ന ഒരു ഗ്രന്ഥിയാണു. (vomeronasal). മലയാളി ഉപയോഗിക്കുന്ന ”മണപ്പിച്ച് നടക്കൽ“ വാസ്തവത്തിൽ ശാസ്ത്രീയമായി തെളിഞ്ഞിട്ടുള്ള ഒന്നാണ്.

പ്രവാസികൾക്ക് ധാരാളം പ്രശ്നങ്ങൾ ഉണ്ടു. ഫൊക്കാന, ഫോമ തുടങ്ങി മറ്റു മലയാളി സംഘടനകൾ പല പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നുണ്ട്, കാണാൻ ശ്രമിക്കുന്നുണ്ടു. അതിനു അവരുടെ ഭാരവാഹികളെ അനുമോദിക്കാം. നാട്ടിൽ പോയി അവിടെയുള്ളവരെ സഹായിക്കുന്നതിനെക്കാൾ നാട്ടിൽ നിന്നും ആരെയെങ്കിലും കൊണ്ടു വരുന്നതിനെക്കാൾ പ്രവാസികൾക്ക് പ്രയോജനകര്മായ കാര്യങ്ങൾ ചെയ്യാൻ സംഘടനകൾ മുൻകൈ എടുക്കുന്നതായിരിക്കും ഗുണകരം. നാട്ടിലെ രാഷ്ട്രീയക്കാർ ധനികനെന്ന ധരിക്കുന്ന പ്രവാസിയെ ചൂഷണം ചെയ്യുമെന്ന കാര്യം ഊഹിക്കാവുന്നതാണു.

ഒരു ഉദാഹരണം പറഞ്ഞുകൊണ്ട് ഈ ലേഖനം അവസാനിപ്പിക്കാം. ഇവിടെ അരങ്ങേറുന്ന സാഹിത്യ സമ്മേളനങ്ങളിൽ മുഖ്യ അതിഥികളായി നാട്ടിലെ പേരുകേട്ട എഴുത്തുകാരെ കൊണ്ടു വരുന്നു. അവരുടെ സാന്നിദ്ധ്യം കൊണ്ടൊ അവരുടെ ഒന്നോ ഒന്നരയോ മണിക്കൂർ ദൈർഘ്ഘമുള്ള പ്രസംഗം കൊണ്ടൊ ഇവിടത്തെ എഴുത്തുകാർക്ക് ഒരു ഗുണവും ഉണ്ടാകാൻ പോകുന്നില്ല. മറിച്ച് അവരെ കൊണ്ടു വരാൻ ചിലവാക്കുന്ന പണം ഇവിടത്തെ മലയാളം വാർത്ത മാദ്ധ്യമങ്ങൾക്ക് കൊടുക്കണം. കാരണം അവരുടെ പ്രസിദ്ധീകരണങ്ങളിൽ ആണു പ്രവാസി മലയാളി എഴുതുന്നത്. ഇവിടത്തെ എഴുത്തുകാർക്ക് വായനക്കാരില്ലാത്തതുകൊണ്ട് പ്രസിദ്ധീകരണങ്ങളെ സഹായിക്കേണ്ടതില്ലെന്ന മുടന്തൻ ന്യായം മുഴുവൻ ശരിയാകണമെന്നില്ല. ഈ ലേഖനത്തിന്റെ ആരംഭത്തിൽ പറഞ്ഞപോലെ പ്രവാസികളുടെ ഉന്നമന്നത്തിനായി എല്ലാവരും ഒരുമയോടെ പ്രവർത്തിക്കുക. അപ്പോൾ പ്രക്രുതിയും ഈശ്വരനും ആ യത്നത്തിൽ പങ്കു ചേരും. വിജയം സുനിശ്ചിതമാകും. ഐക്യമില്ലാതെ വേറിട്ട് നിന്നിട്ട് ഒന്നും നേടാൻ കഴിയില്ല. അതേ സമയം നാടേ, നാടേ എന്നു ജപിച്ച് നടന്നിട്ടും ഗുണമില്ല. കാരണം നിങ്ങളും നിങ്ങളുടെ തലമുറയും ജീവിക്കുന്നതും, മരിക്കുന്നതും ഇവിടെയാണു. നാടു നമ്മളെ ചൂഷണം ചെയ്യുന്ന നിയമങ്ങൾ ഉണ്ടാക്കാതെ അതിൽ നിന്നും രക്ഷപ്പെടാൻ ശ്രമിക്കുക. അങ്ങനെ ചെയ്യാൻ അവർക്ക് അവസരം കൊടുക്കുന്ന കൂടിക്കാഴ്ച്ചകൾ ഒഴിവാക്കുക.

# ശുഭം